**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2100** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സാധനങ്ങളിൽ മായം ചേർക്കൽ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ സാധനങ്ങളിൽ മായം ചേർക്കൽ വ്യാപകമാകുന്നത് തടയാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അത് വഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കു പുറമെ ഓണം, റംസാൻ, ക്രിസ്മസ് തുടങ്ങിയ ആഘോഷ വേളകളിലും, ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തി വരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട് .<br><br>ഭക്ഷ്യ വിഷബാധപോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ 24 മണിയ്ക്കൂറും പ്രവർത്തന സജ്ജമായ **Quick Response Team (QRT)** എല്ലാ ജില്ലകളിലും പ്രവർത്തിച്ച് വരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിയ്ക്കുന്നതിനായി 24 മണിയ്ക്കൂറും പ്രവർത്തിയ്ക്കുന്ന ജി.സി.സി (ഗവൺമെന്റ് കോൺടാക്റ്റ് സെന്റർ) മുഖേന പ്രവർത്തിപ്പിച്ച് വരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്.<br><br>2006 ലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറൻറുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന **FoSTaC Training (Food Safety Training and Certification)** സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.<br><br>ഭക്ഷ്യ സുരക്ഷ സംബന്ധിച്ച **IEC** പ്രവർത്തന ങ്ങളുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യ വശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസുകൾ സംഘടിപ്പിക്കുകയും ലഘു ലേഖകൾ വിതരണം ചെയ്യുകയും, ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പ മാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ടി ഡോക്യുമെന്ററി ബോധവൽക്കരണത്തിന്റെ ഭാഗമായി സഞ്ചരിക്കുന്ന ഭക്ഷ്യസുരക്ഷാ |

ലബോറട്ടറികൾ മുഖേന പ്രദർശിപ്പിച്ച് വരുന്നു. സിവിൽ സപ്ലൈസ് വകുപ്പിന്റെ ആവശ്യ പ്രകാരം പൊതുജന ബോധവൽക്കരണത്തിനായി ടി ഡോക്യുമെന്ററിയുടെ പകർപ്പ് നൽകിയിട്ടുണ്ട്. കൂടാതെ **SNF@School, Model Grama Panchayath** തുടങ്ങിയ പദ്ധതികളിൽ ടി ഡോക്യുമെന്ററി പൊതുജന ബോധവൽക്കരണത്തിനായി ഉപയോഗിച്ച് വരുന്നു .

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധനം സൃഷ്ടി ക്കുന്നതിനായി SNF@School എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് എന്ന പദ്ധതിയിലൂടെ പഞ്ചായത്തുകളിലെ എല്ലാ ഭക്ഷ്യ സംരംഭകരെയും ഭക്ഷ്യസുരക്ഷാ ലൈസൻസ് / രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനും ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ടി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

കുടിവെള്ള പരിശോധന, ഭക്ഷ്യവസ്തുക്കളിലെ മായം ഇവ പെട്ടെന്ന് പരിശോധിയ്ക്കുന്നതിനും പൊതുജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകൾ **(Food Safety on wheels)** പ്രവർത്തിച്ച് വരുന്നു. ടി ലാബുകളിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള **Quick Adulteration Test** കൾ നടത്തിവരുന്നു.

(ബി) വിഷയം സംബന്ധിച്ച് കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യ സാധനങ്ങളിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് കഴിഞ്ഞ **6** മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | അഡ്ജുഡിക്കേഷൻ കേസുകൾ | പ്രോസിക്യൂഷൻ കേസുകൾ |
|---|---|---|
| തിരുവനന്തപുരം | NIL | NIL |
| കൊല്ലം | **31** | **18** |
| പത്തനംതിട്ട | NIL | 12 |
| ആലപ്പുഴ | 23 | 17 |
| കോട്ടയം | 28 | 8 |
| ഇടുക്കി | 4 | 1 |
| എറണാകുളം | 24 | 31 |
| തൃശ്ശൂർ | 39 | 20 |
| പാലക്കാട് | 20 | 26 |
| മലപ്പുറം | 25 | 11 |
| കോഴിക്കോട് | 57 | 66 |
| വയനാട് | 4 | 10 |
| കണ്ണൂർ | 10 | 17 |
| കാസർഗോഡ് | 10 | 10 |

(സി) മായം ചേർക്കലും വില്പനയും

(സി) നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെക്കൂടി

| | | | |
|---|---|---|---|
| | ഫലപ്രദമായി തടയുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവനം കൂടി പ്രയോജനപ്പെടുത്തി വിപുലമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | | ഉൾപ്പെടുത്തി പരിശോധനകൾ നടത്തി വരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ